**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1839** **29-07-2021 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി. നഷ്ട പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ജി. എസ്. ടി. നഷ്ടപരിഹാരം അനുവദിക്കാൻ വൈകുന്നതിനാൽ ആയത് യഥാസമയം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്.ജി.എസ്.ടി. കളക്ഷനും, ഐ.ജി.എസ്.ടി. ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ ആണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷം ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019-20 സാമ്പത്തികവർഷം സംസ്ഥാനങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ തുക ആണ് നഷ്ടപരിഹാരം Cess വഴി ലഭിച്ചത്. ഇതിനാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭ്യമായില്ല. ഡിസംബർ 2019 മുതൽ ഫെബ്രുവരി 2020 വരെയുള്ള നഷ്ടപരിഹാര തുക 04.06.2020-നും മാർച്ച് 2020-ലെ നഷ്ടപരിഹാര തുക 23.07.2020-നും ആണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്. 27.08.2020-ൽ കൂടിയ 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ ഇക്കാര്യം ചർച്ച ചെയ്യുകയും, നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സിൽ വരുമാനത്തിൽ ഉണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് വെച്ചു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രം |

| | | | |
|---|---|---|---|
| | | | തന്നെ പൊതുവിപണിയിൽ നിന്നും 110000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് കേരളത്തിന് 2020-21 സാമ്പത്തിക വർഷം 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 15.07.2021-ലെ കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരം ജൂലൈ മാസത്തിൽ Special Window Loan വഴി ജി.എസ്.ടി. നഷ്ടപരിഹാരമായി സംസ്ഥാനത്തിന് 2021-22 സാമ്പത്തിക വർഷത്തേക്ക് 4122.27 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ജി. എസ്. ടി. നഷ്ടപരിഹാരമായി എത്ര രൂപയാണ് സംസ്ഥാനത്തിന് ലഭിക്കാനുള്ളതെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തിന് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| F.Y | Protected Revenue (Cr) | Total Collection (Cr) | Compensation receivable (Cr) | Compensation received (Cr) | Balance (Cr) |
|---|---|---|---|---|---|
| 2020-21 | 32400 | 20255.15 | 12144.85 | 9800.83 | 2344.02 |
| 2021-22 | 9234 | 4445.37 | 4788.63 | 4122.27 | 666.36 |

**സെക്ഷൻ ഓഫീസർ**